പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1616** **02.07.2015-ൽ മറുപടിക്ക്**

**ശുചിത്വമിഷനും മാലിന്യ സംസ്കരണവും**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| 1. ശ്രീ. കെ.ശിവദാസൻ നായർ<br>2. " . ലൂഡി ലൂയിസ്<br>3. " പി.എ.മാധവൻ<br>4. " ഹൈബി ഈഡൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി) |
| (എ) **മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് നടപ്പാക്കുന്ന പുതിയ പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ;** | (എ) മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് ഉത്തരവാദിത്വ മാലിന്യ പരിപാലനവും പരിസ്ഥിതി സൗഹൃദ ഉത്പന്നങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രോജക്ട് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. നഗരപ്രദേശങ്ങളിൽ ശുചിത്വ മാലിന്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വച്ഛ് ഭാരത് മിഷൻ (അർബൻ) എന്ന പുതിയ പദ്ധതിയും നടപ്പാക്കുന്നു. |
| (ബി) **മാലിന്യ സംസ്കരണത്തിന് ശുചിത്വ മിഷൻ നടപ്പാക്കുന്ന പദ്ധതികളെക്കുറിച്ച് വ്യക്തമാക്കുമോ;** | (ബി) ശുചിത്വ മിഷൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെപ്പറയുന്നവയാണ്.<br>1) <u>**സംസ്ഥാന പ്ലാൻ ഫണ്ട് പദ്ധതികൾ**</u><br>i. **നഗരപ്രദേശങ്ങളിലെ മാലിന്യ പരിപാലന പദ്ധതികൾ**<br>എ) ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകളുടെ നിർമ്മാണവും പുനരുദ്ധാരണവും<br>ബി) മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപനം<br>സി) സാനിട്ടറി ലാൻഡ്ഫില്ലുകളുടെ നിർമ്മാണം<br>ഡി) കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് യൂണിറ്റുകൾ. |

ഇ) പൊതുസ്ഥലങ്ങളിൽ കമ്മ്യൂണിറ്റി സാനിട്ടറി കോംപ്ലക്സുകൾ

എഫ്) വിവര വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ, ശേഷി വികസനം, ഗവേഷണ പ്രവർത്തനം, വർക്ക് ഷോപ്പ്.

ജി) ദ്രവമാലിന്യ പരിപാലനവും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും

എച്ച്) പ്രീ-മൺസൂൺ ക്ലീനിംഗ് കാംപയിൻ

ഐ) ഉറവിട മാലിന്യ സംസ്ക്കരണം.

**ii. ഗ്രാമ പ്രദേശങ്ങളിലെ മാലിന്യ പരിപാലന പദ്ധതികൾ**

എ) ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകളുടെ നിർമ്മാണവും പുനരുദ്ധാരണവും

ബി) മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സ്ഥാപനം

സി) സാനിട്ടറി ലാൻഡ്ഫില്ലുകളുടെ നിർമ്മാണം

ഡി) കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് യൂണിറ്റുകൾ.

ഇ) വിവര വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ, ശേഷി വികസനം, ഗവേഷണ പ്രവർത്തനം, വർക്ക് ഷോപ്പ്.

എഫ്) ദ്രവമാലിന്യ പരിപാലനവും സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകളും

ജി) ഉറവിട മാലിന്യ സംസ്ക്കരണം.

എച്ച്) പ്രീ-മൺസൂൺ ക്ലീനിംഗ് കാംപയിൻ

2) **കേന്ദ്രാവിഷ്കൃത പദ്ധതികൾ**

i. സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ)

ii. സ്വച്ഛ് ഭാരത് മിഷൻ (നഗരം)

(സി) **മാലിന്യ സംസ്കരണത്തിൽ ശുചിത്വ മിഷൻ നേരിടുന്ന പ്രതിസന്ധികൾ വ്യക്തമാക്കുമോ?**

(സി)

- മാലിന്യ സംസ്കരണ ഉത്തരവാദിത്വം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെതാണെന്ന പൊതുജനമനോഭാവവും. പൊതു സംവിധാനങ്ങളോടുള്ള എതിർപ്പും
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണമേഖലയിൽ പ്രാവീണ്യമുള്ള മാനവ വിഭവശേഷിയുടെ കുറവ്.
- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തങ്ങളുടെ നിയന്ത്രണ അധികാരങ്ങൾ കൃത്യമായി പ്രയോഗിക്കാതിരിക്കൽ.
- ശുചിത്വ മിഷനിലെ മാനവവിഭവശേഷിയുടെ കുറവ്.

എന്നിവയാണ് മാലിന്യ സംസ്കരണത്തിൽ ശുചിത്വ മിഷൻ നേരിടുന്ന പ്രതിസന്ധികൾ.

സെക്ഷൻ ഓഫീസർ